# പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1897

15.07.2016 ന് മറുപടിയ്ക്ക്.

## പക്ഷികളുടെ ആവാസകേന്ദ്രങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശാടന പക്ഷികളുടെയും മറ്റ് പക്ഷികളുടെയും ആവാസ കേന്ദ്രങ്ങളായി മാറുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള സർവ്വെകൾ നടത്താറുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാമോ; | (എ) സംസ്ഥാനത്ത് ദേശാടനപക്ഷികളുടേയും മറ്റ് പക്ഷികളുടേയും ആവാസ കേന്ദ്രങ്ങളായി മാറുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിന് പക്ഷി സർവ്വേകൾ നടത്താറുണ്ട്. പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനുമായി സഹകരിച്ച് വെള്ളാണിക്കര ഫോറസ്ട്രി കോളേജ് പക്ഷിസർവ്വേയും, നാട്ടുപക്ഷി നിരീക്ഷണവും നടത്തിയിട്ടുണ്ട്. എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ദേശാടനപക്ഷികളുടേയും മറ്റു പക്ഷികളുടേയും സർവ്വേകൾ കൊച്ചിൻ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയുടെ സഹായത്തോടെ നടത്താറുണ്ട്. ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ, പെരിയാർ വെസ്റ്റ് ഡിവിഷൻ എന്നിവിടങ്ങളിലും ഇത്തരം സർവ്വേ നടത്തിയിട്ടുണ്ട്. |
| (ബി) ദേശാടന പക്ഷികളുടെയും മറ്റ് അപൂർവ്വ ഇനം പക്ഷികളുടെയും ആവാസ കേന്ദ്രങ്ങളാകുന്ന പ്രദേശങ്ങളുടെ പ്രത്യേകതകൾ നിലനിർത്തുന്നതിനും ഇവയ്ക്കാവശ്യമായ അനുകൂല സാഹചര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കാമോ; | (ബി) ദേശാടന പക്ഷികളും മറ്റ് അപൂർവ്വയിനം പക്ഷികളും മിക്കവാറും നീർത്തടങ്ങളിലും കണ്ടൽ പ്രദേശങ്ങളിലുമാണ് കാണപ്പെടുന്നത്. നിലവിലെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പക്ഷികളെ വേട്ടയാടുന്നതും ഉപദ്രവിക്കുന്നതും തടയുന്നതിനായും |

അതിന്റെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും തദ്ദേശ വാസികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നുണ്ട്. ദേശാടന പക്ഷികളുടേയും മറ്റ് അപൂർവ്വ ഇനം പക്ഷികളുടേയും ആവാസകേന്ദ്രങ്ങളാകുന്ന പ്രദേശങ്ങളുടെ പ്രത്യേകതകൾ നിലനിർത്തുന്നതിനും ഇവയ്ക്കാവശ്യമായ അനുകൂലസാഹചര്യമൊരുക്കുന്നതിനും സ്വീകരിച്ചു വരുന്ന ഇത്തരം നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ തുടരുന്നതാണ്.

(സി) ഇത്തരം പ്രദേശങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

(സി) സ്വകാര്യ വ്യക്തികളുടേയും മറ്റ് സർക്കാർ വകുപ്പുകളുടേയും അധീനതയിൽ ഉള്ള ഇത്തരം പ്രദേശങ്ങളുടെ സംരക്ഷണം വനം വകുപ്പിന് പൂർണ്ണമായും ഏറ്റെടുക്കാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിലും ഇതിനായി സാധ്യമായ നടപടികൾ സ്വീകരിക്കും. വനം വകുപ്പിന്റെ കീഴിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിലും കുമരകത്തും പക്ഷികളുടെ ആവാസ കേന്ദ്രങ്ങൾ സംരക്ഷിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ